പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2259

26.3.2013-ലെ
മറുപടിയ്ക്ക്

**അടിസ്ഥാന സൗകര്യ വികസനത്തിനായി പി.പി.പി. സെൽ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ.പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി സർക്കാർ പരിഗണനയിൽ ഉണ്ടായിരുന്ന പബ്ലിക്ക് പ്രൈവറ്റ് പാർട്ടണർഷിപ്പ് (പി.പി.പി) പ്രോജക്ടുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനു വേണ്ടി സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. വാണിജ്യപരമായി സാധ്യമായതും എന്നാൽ വൻ നിക്ഷേപം ആവശ്യമുള്ളതുമായ തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, ഹൈവേകൾ, അർബൻ ട്രാൻസിറ്റ് സിസ്റ്റം, പവർ പ്രോജക്ടുകൾ, കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനുകൾ, വ്യാവസായിക ഇടനാഴികൾ, ഫിനാൻഷ്യൽ സർവ്വീസ് സെക്ടറുകൾ തുടങ്ങിയ മേഖലകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ(പി.പി.പി) സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. കൊച്ചി-പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെൻറ് ആൻറ് മാനുഫാക്ചറിംഗ് സോൺ (NIMZ) |

2. പെട്രോളിയം കെമിക്കൽസ് ആൻറ് പെട്രോ കെമിക്കൽ ഇൻവെസ്റ്റ്മെൻറ് റീജിയൺ (PCPIR), കൊച്ചി
3.സീപ്ലെയിൻ സർവ്വീസ്
4.ഇടുക്കിയിലും വയനാട്ടിലും ഫീഡർ എയർപോർട്ടുകൾ

| | | | |
|---|---|---|---|
| (ബി) | ഈ പ്രൊജക്ടുകളുടെ മേൽ-നോട്ടത്തിനായി രൂപീകരിക്കുമെന്ന് പറഞ്ഞ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ പി.പി.പി. സെൽ പ്രവർത്തനം ആരംഭിച്ചുവോ; | ബി) & സി) | പി.പി.പി പ്രോജക്ടുകളുടെ മേൽ നോട്ടത്തിനായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ പി.പി.പി സെൽ ആരംഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ എല്ലാ പ്രോജക്ടുകൾക്കും ബഡ്ജറ്റിന് പുറത്ത് നിന്നുള്ള ഫണ്ടുകളുടെ ലഭ്യതയും പി.പി.പി ഉൾപ്പെടെയുള്ള സാദ്ധ്യതകളും പരിശോധിക്കുന്നതിനായി ഒരു പ്രോജക്ട് ഫിനാൻസിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 5 കോടി രൂപയ്ക്ക് മേൽ ചിലവ് വരുന്ന പുതിയ പ്രോജക്ടുകൾ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് പരിഗണിക്കുന്നതിനു മുമ്പായി സാങ്കേതികവും ധനപരവുമായ പ്രായോഗികത പരിശോധിച്ച് നൽകുക എന്നതാണ് പ്രോജക്ട് ഫിനാൻസിംഗ് സെല്ലിൻെറ പ്രവർത്തനോദ്ദേശ്യം. |
| സി) | അനുബന്ധ സെല്ലിൻെറ പ്രവർത്തനം എന്തെല്ലാമെന്ന് വിശദമാക്കുമോ; | | |
| ഡി) | പരിഗണനയിലുണ്ടായിരുന്ന പി.പി.പി പ്രോജക്ടുകളിൽ ഏതെല്ലാം പ്രോജക്ടുകൾ ഈ വർഷം നടപ്പിലാക്കിയെന്നും ഇതിൽ പൊതുമേഖലാ പങ്കാളിത്തം എത്ര ശതമാനമെന്നും വ്യക്തമാക്കുമോ? | ഡി | പി.പി.പി പദ്ധതികൾ പ്രാരംഭ ദശയിലാണ്. പദ്ധതി നടപ്പാക്കുന്നതിലേയ്ക്കുള്ള വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ